# *<u>എഴുത്തിലെ പദദൂരവ്യവസ്ഥകളും</u>*
# *<u>ഭാഷാചാലകതന്ത്രത്തിലെ ചില അവസ്ഥകളും</u>*

(ഭാഗം–1/5)

*പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, D.Sc., Ph.D.*

(എഴുത്തുകാരെയും ഭാഷാശാസ്ത്രത്തിൽ താൽപ്പര്യമുള്ളവരെയും മുന്നിൽകണ്ട് തയ്യാറാക്കിയതാണ് ഈ ലേഖനം. അഞ്ചു ഭാഗങ്ങളായി പ്രത്യക്ഷപ്പെടുന്ന ഇതിൽ, പദങ്ങൾ വിട്ടെഴുതാനുള്ള/അകറ്റിയെഴുതാനുള്ള സാമാന്യനിയമങ്ങൾ ഇന്നത്തെ സാഹചര്യത്തിൽ വിലയിരുത്തുന്നു. വ്യാകരണ സാങ്കേതികപദങ്ങൾ ഉപയോഗിച്ചാണ് നിയമങ്ങൾ പുനഃപരിശോധിക്കുന്നത്. അതിനാൽ, ആവശ്യമുള്ള വ്യാകരണപദാവലി സോദാഹരണം കൂട്ടത്തിൽ പരിചയപ്പെടുത്തുന്നതാണ്. ഗദ്യരൂപമാണ് ചിന്താവിഷയം.)

## ആമുഖം

സമൂഹം ജീർണ്ണിക്കാൻ തുടങ്ങുമ്പോൾ നിയമദാതാക്കൾ അവതരിക്കുന്നു; പുതിയ നിയമസംഹിതകൾ നിർമ്മിക്കുന്നു. മോശയും മനുവുംതൊട്ട് എത്രയോ അവതാരങ്ങൾ —ചിലരെ ക്രൂശിക്കുന്നു; ചിലരെ തടവിലിടുന്നു; ചിലരെ ചുട്ടുകരിക്കുന്നു. കല്പനകളും സൂക്തങ്ങളും ഉപജീവിച്ച് പിൻതലമുറ ഇടക്കാല നിയമവ്യവസ്ഥകൾ രൂപീകരിക്കുന്നു. അവയിലെ പഴുതുകളും അപ്രായോഗികതകളും നിർമ്മാർജ്ജനം ചെയ്യാൻ, കാലബന്ധിതമായി പുതുചട്ടങ്ങൾ നിയമനിർമ്മാണസഭകളിൽ പാസാക്കിയെടുക്കുന്നു. ജനം വീണ്ടും പഴയതിലേക്കു വഴുതിവീഴുന്നു. ചാക്രികസ്വഭാവമുള്ള ഈ നവീകരണ പ്രക്രിയയ്ക്കു പരിണാമസിദ്ധാന്തത്തിൽ അടിത്തറ തേടാം.

ഭാഷയുടേയും സ്ഥിതി മറ്റൊന്നല്ല. പല പഴയനിയമങ്ങളെയും വെല്ലുവിളിച്ചാണ് പുതിയനിയമങ്ങൾ എഴുതപ്പെടുന്നത്. ചില പ്രയോഗങ്ങളും രീതികളും തിരസ്ക്കരിക്കപ്പെട്ട് ഭാഷ നൂതനോർജ്ജം കൈവരിക്കുന്നു — പ്രത്യേകിച്ചും എഴുത്തുഭാഷ. ദേശഭേദത്തിൽ അധിഷ്ഠിതമായ സംസാരഭാഷ, നിയമനിർമ്മാണത്തിനു എളുപ്പം വഴങ്ങുന്നതല്ലല്ലോ? ഈ ലേഖനത്തിന്റെയും കേന്ദ്രബിന്ദു എഴുത്തും അതിനനുബന്ധമായ ചാലകതന്ത്രവും തന്നെ.

ഉയർന്ന തലത്തിലുള്ള ആശയവിനിമയവും സംവാദവും നടക്കുന്നത് എഴുത്തിലൂടെയാണ്. എഴുത്തുഭാഷയിലെ അസ്ഥിരതയും അരാജകത്വവും കൂടുതൽ കുഴക്കുക, മലയാളം രണ്ടാംഭാഷയായോ ഉപഭാഷയായോ, പഠിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നവരെയാണ്. ഭാഷയുടെ സാർവ്വലൗകികവളർച്ച മാറ്റത്തിനു വിധേയങ്ങളെങ്കിലും, കാലാകാലങ്ങളിൽ നിയമനിർമ്മാണവും ഏകീകരണ പ്രക്രിയയും ആവശ്യപ്പെടുന്നു. ഇവിടെ പ്രധാനമായി വിവരിക്കുന്നത് വാക്കുകൾക്കിടയിലുള്ള ദൂരവ്യവസ്ഥകളെക്കുറിച്ചാണ്.

# സമദൂരസിദ്ധാന്തത്തിലെ അപാകതകൾ

വാക്കുകൾ അകറ്റിയെഴുതുകയെന്നത് (അഥവാ ആ അകലം) ഒരു വിരാമചിഹ്നത്തിനു തുല്യമാണ്. ഇംഗ്ലീഷിൽ വാക്കുകൾക്കിടയിൽ ഒരു സ്പേസെന്ന സാമാന്യനിയമം പാലിക്കപ്പെടുന്നു. മലയാളത്തിലാണെങ്കിൽ സന്ധിസമാസങ്ങളുടെ പ്രചുരതമൂലം പലപ്പോഴും വാക്കുകളെ കൂട്ടിയെഴുതേണ്ടതുണ്ട്; അതുപോലെ, വാക്കുകളെ ഘടിപ്പിക്കുന്ന ദ്യോതകശബ്ദങ്ങളും (പ്രധാനമായി ഗതിയും ഘടകവും). എവിടെയൊക്കെയാണ് കൂട്ടിയെഴുതേണ്ടത്, വിട്ടെഴുതേണ്ടത് എന്നതിന് ഒരു പൊതുമതം ഉണ്ടെന്നു തോന്നുന്നില്ല. എല്ലാ വാക്കുകളും വിട്ടെഴുതുന്ന പ്രവണതയാണ് ഇന്ന് പ്രബലമായി കാണുന്നത്. സന്ധികളിലെ ദ്വിത്വപ്രതിസന്ധി ഒഴിവാക്കുന്നതിനുള്ള ഒഴികഴിവായി ഈ വിട്ടെഴുത്തിനെ പലപ്പോഴും വ്യാഖ്യാനിക്കാം. ഇംഗ്ലീഷിൽ ബഹുവചനനാമം മാത്രം ഉപയോഗിച്ച് ആഖ്യ-ആഖ്യാതം ചേർച്ചയെ ചിലർ ലഘൂകരിക്കാറുണ്ട്! എന്നാൽ പലയവസരങ്ങളിലും അർത്ഥശങ്കയും അർത്ഥമോശവും സംഭവിക്കാറുമുണ്ട്.

നമ്മുടെ ഭാഷകളെല്ലാം പൊതുവെ സംഗീതാത്മകമാണ്. ഉയർന്ന പിച്ചിലും താഴ്ന്ന പിച്ചിലും നാം ശബ്ദം ക്രമീകരിക്കുന്നു. പാശ്ചാത്യഭാഷകളിൽ ഈ മാറ്റം കുറവാണ്. ഒരു പാശ്ചാത്യഭാഷയിലേയും പൗരസ്ത്യഭാഷയിലേയും സംഭാഷണം, വാക്കുകൾ മാറ്റിക്കളഞ്ഞ് *കറ്യോക്കെ*സംഗീതംപോലെ അതിലെ ധ്വനികൾമാത്രം ശബ്ദലേഖനം ചെയ്താൽ നിങ്ങൾക്ക് ആ മാറ്റം വ്യക്തമാകും. എന്നാൽ, വായ്പാട്ടുസംഗീതത്തിൽ അവർ നമ്മേക്കാൾ ഉയർന്ന പിച്ചുകളിൽ പൊതുവെ സഞ്ചരിക്കുന്നു. സംഗീതാത്മകമായി സംസാരിക്കുന്ന നാം പലപ്പോഴും വാക്കുകൾ കൂട്ടിച്ചേർത്ത് സ്വരങ്ങളുടെ ചേരുവയെ നിയന്ത്രിക്കുന്നു. ത്രിസ്ഥായിയിൽ സഞ്ചരിക്കുന്നവയാണ് തെന്നിന്ത്യൻ ഭാഷകളെല്ലാം. വാമൊഴിയെ വരമൊഴിയാക്കുമ്പോൾ ഇംഗ്ലീഷിൽ വാക്കുകൾ അകറ്റിയെഴുതുന്നു, ചില പദങ്ങൾ ഹൈഫണുപയോഗിച്ച് സങ്കലിപ്പിക്കാറുണ്ടെങ്കിലും. ഇംഗ്ലീഷിൽ ഗ്രാമ്യഭാഷണരീതിയുടെ പ്രചുരത എഴുത്തുഭാഷയെ നിയന്ത്രിക്കുന്നില്ല.

# വിവിധ പ്രസാധകർ വ്യത്യസ്ത മാമൂലുകൾ

പല പത്രങ്ങൾക്കും മാസികകൾക്കും സ്വന്തം *ഫോർമാറ്റിങ്* രീതിയും കീഴ്നടപ്പും ഉണ്ടായേക്കാം. സ്പേസുനിയമം പല പ്രഗത്ഭരും പണ്ടുമുതൽ കൈകാര്യം ചെയ്യാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും, പ്രായോഗികതലത്തിൽ വേണ്ടത്ര സാധുത ലഭിച്ചമട്ടില്ല. പറയുന്നതുപോലെ എഴുതേണ്ട ഭാഷയാണ് മമമലയാളമെന്ന് പലരും പറഞ്ഞുവെച്ചതിന്റെ ഭവിഷ്യത്തുതന്നെ! ഓരോ വിളിപ്പാടകലേയും, ജാതിതിരിച്ചും വംശംതിരിച്ചും, ജോലിയനുസരിച്ചും സ്ഥാനമനുസരിച്ചും സംസാരഭാഷയിൽ നീട്ടലും കുറങ്ങലും കാണുന്ന ഇക്കാലത്തും (എക്കാലത്തും!), നല്ലമലയാളത്തിലെ സഭ്യനിയമങ്ങളേതെന്നു വ്യവച്ഛേദിക്കാൻ വിഷമംതന്നെ! ഒരേ കാര്യം പറയാൻ രണ്ടുരൂപങ്ങൾ പ്രചാരത്തിലുണ്ടെന്നു വാദിച്ചാൽ, ഏതാണ് കൂടുതൽ നല്ലതെന്ന ചോദ്യമുദിക്കും. ഏതു രൂപമാണ് കൂടുതൽ സ്വീകാര്യമെന്ന് കാര്യകാരണബന്ധത്തോടെ വിശദീകരിക്കലും, പ്രാമാണികമാനദണ്ഡം പ്രയോഗിച്ച്

സമരൂപീകരിക്കലും ചിന്താശീലർക്ക് എന്നും പ്രിയങ്കരംതന്നെ. അതുകൊണ്ടുകൂടിയാണ് എഴുത്തുഭാഷയിലെ വ്യവസ്ഥകൾ ഏകീകരിക്കേണ്ടതിന്റെ സാംഗത്യമേറുന്നത്. *പദദൂരം* എന്ന് ഇവിടെ വിവക്ഷിക്കുന്നത് പിരിച്ചെഴുത്ത് (*അച്ഛൻ* എന്നത് *അച്ഛരൻ* എന്നെഴുതുന്നത് പിരിച്ചെഴുത്തിന് ഉദാഹരണം) എന്ന അർത്ഥത്തിലല്ല.

## ആദ്യം അല്പം വ്യാകരണം:

ഒരു സാധാരണ വാചകത്തിലെ പദങ്ങൾക്കും അവയെ ബന്ധിപ്പിക്കുന്ന ദ്യോതകങ്ങൾക്കുമുള്ള സാങ്കേതികസംജ്ഞകൾ  പുനർസന്ദർശനം നടത്തി, നമുക്കീ സംരംഭം തുടങ്ങാം. മറവിയുടെ മാറാപ്പിൽ—തലച്ചോറിലെ ദീർഘകാലയോർമ്മ സൂക്ഷിക്കുന്ന, ക്ലാവുപിടിക്കാൻ തുടങ്ങിയ കോശങ്ങളിൽ—ഒളിച്ചുമങ്ങാറായ വ്യാകരണശക്തിയെ റേൻഡം ഏക്സസ്സ് മെമറിയിലേക്ക് കൊണ്ടുവരികയാണ് ദൗത്യം. തന്നെയുമല്ല, ഈ സാങ്കേതികപദങ്ങൾ ഉപയോഗിച്ചായിരിക്കും തുടർചർച്ച മുന്നേറുക.

(തുടരും)